അതീവ ഗൗരവമായി ഇത് പരിഗണിക്കുന്നുണ്ട്. ജനുവരിയിൽത്തന്നെ ഇതിനെക്കുറിച്ച് ചർച്ചകൾ നടത്തി പ്രശ്നം പരിഹരിക്കുന്നതാണ്.

(12) ട്രാവൻകൂർ റയോൺസിന് കെ.എസ്.ഐ.ഡി.സി. വായ്പ

<u>ശ്രീ.പി.പി. തങ്കച്ചൻ</u>: സർ, വളരെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന പെരുമ്പാവൂരിലെ റയോൺസ് കമ്പനിക്ക് കെ.എസ്.ഐ.ഡി.സി.യിൽ നിന്നും വായ്പയായി കൊടുക്കാൻ നിശ്ചയിച്ച അഞ്ചേമുക്കാൽ കോടി രൂപ ജാമ്യനടപടികൾ പൂർത്തിയാക്കി പെട്ടെന്ന് ലഭ്യമാക്കുന്നതിനും, അതിന് കാലതാമസം വന്നാൽ കുറെ സംഖ്യ അഡ്വാൻസായി കൊടുക്കാനും വ്യവസായ വകുപ്പ് അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി. സുശീലാ ഗോപാലൻ)</u> : കെ.എസ്.ഐ.ഡി.സി. 6 കോടി രൂപ നേരത്തെ നൽകിയിരുന്നു. ഇപ്പോൾ അഞ്ചേമുക്കാൽ കോടി രൂപ കൊടുക്കുന്നതിന് ഗ്യാരന്റി കൊടുക്കാൻ തീരുമാനിച്ചു കഴിഞ്ഞു. ഗവൺമെന്റ് അതിവേഗത്തിൽ പണം ലഭ്യമാക്കുന്നതാണ്.

(13) കർഷകത്തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം മുതലായവയുടെ കുടിശ്ശിക നൽകണമെന്ന ആവശ്യം

<u>ശ്രീ.എ. കണാരൻ</u> : സമൂഹത്തിൽ ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്ന ഗുണഭോക്താക്കളുടെ പ്രശ്നമാണ് ഞാനിവിടെ പറയുന്നത്. ഇത്തരം പദ്ധതികളിലായി ആകെ 5,78,789 പേർക്കാണ് ആനുകൂല്യം ലഭ്യമായിട്ടുള്ളത്. 3,04,577 കർഷകത്തൊഴിലാളികൾക്കാണ് പെൻഷൻ ആനുകൂല്യം ലഭിക്കുന്നത്. കണ്ണിന് കാഴ്ചയില്ലാത്തവർ, ചെവി കേൾക്കാത്തവർ, സംസാരശേഷി നഷ്ടപ്പെട്ടവർ, കൈയ്ക്കും കാലിനും, ശരീരത്തിനും തളർച്ചയുള്ളവർ, വികലാംഗർ, എന്നിങ്ങനെ 98,955 പേരുണ്ട്. ഇവർക്ക് ആനുകൂല്യം ലഭിക്കുന്നുണ്ട്. ആരുമാരും ഇല്ലാത്തവരും ആലംബഹീനരുമായ 51,955 പേർക്ക് അഗതി പെൻഷൻ ലഭിക്കുന്നുണ്ട്. ക്ഷയം, കുഷ്ഠം, ക്യാൻസർ, തുടങ്ങിയ മാറാരോഗം ബാധിച്ച 2,400 പേർക്ക് ആനുകൂല്യം ലഭിക്കുന്നുണ്ട്. സമൂഹത്തിലെ ദുർബലരിൽ ദുർബലരായവർക്ക് അത്താണിയായി മാറാൻ സംസ്ഥാന ഗവൺമെന്റിന്റെ പെൻഷൻ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. ഒരു നേരത്തെ ചായ കുടിക്കുവാനോ ഒരു കുപ്പിമരുന്നു വാങ്ങുവാനോ ആണ് ഈ പാവങ്ങൾ ഈ പണം ഉപയോഗിക്കുന്നത്. ഇവരുടെ ജീവിതത്തിന്റെ പ്രതീക്ഷതന്നെ ഈ പെൻഷൻ ലഭിക്കുന്നതുകൊണ്ടാണ് നിലനിൽക്കുന്നത്. എന്നാൽ തുച്ഛമായ തുക കൃത്യമായി ഈ പാവങ്ങൾക്ക് ലഭിക്കുന്നില്ലായെന്നത് കഷ്ടമാണ്. എല്ലാ വിഭാഗം ആളുകൾക്കും മാസംതോറും പെൻഷൻ കൃത്യമായി കിട്ടുമ്പോൾ ഇവർക്ക് അത് ലഭിക്കുന്നില്ല. പാവപ്പെട്ടവർക്ക് നൽകേണ്ട ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യാൻ ആവശ്യമായ നടപടികളെടുക്കണമെന്ന് ഗവൺമെന്റിനോട് അപേക്ഷിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി <u>(ശ്രീ.ടി. ശിവദാസമേനോൻ)</u> : സർ, കർഷകത്തൊഴിലാളി പെൻഷൻ 30.4.2000 വരെ കുടിശ്ശിക തീർത്ത് വിതരണം ചെയ്തിട്ടുണ്ട്. ഈയിനത്തിൽ ഇക്കൊല്ലത്തെ ബഡ്ജറ്റിൽ 37.2 കോടി രൂപ വകയിരു

LIBRARY ARCHIVES Kerala Legislative Assembly

ത്തിയിരുന്നു. ഇതുകൂടാതെ അഡീഷണൽ ഓതറൈസേഷൻ വഴി 10.4 കോടി രൂപ കൂടി അനുവദിച്ചു. കർഷകത്തൊഴിലാളി പെൻഷൻ നൽകുന്നതിന് ഇക്കൊല്ലം ഇതുവരെ മൊത്തം 47.6 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കുടിശ്ശിക മുഴുവൻ ഈ മാസത്തോടുകൂടി കൊടുക്കുകയാണെങ്കിൽ 40.65 കോടി രൂപ വേണ്ടിവരും. തൊഴിലില്ലായ്മ വേതനം 1999 നവംബർ മാസംവരെ കുടിശ്ശിക തീർത്തു നൽകിയിട്ടുണ്ട്. ഇതു നൽകുന്നതിന് 59.88 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. അഗതിപെൻഷൻ വിതരണം ചെയ്യുന്നതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള മുഴുവൻ തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് അത് വിതരണം ചെയ്യുന്നത്. സാമൂഹ്യ ക്ഷേമപദ്ധതികളനുസരിച്ച് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വിവിധ പെൻഷനുകളുടെ കുടിശ്ശിക നൽകുന്നതിനായി 50.13 കോടി രൂപകൂടി അഡീഷണൽ ആയി ഓതറൈസ് ചെയ്യേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് എല്ലാ പെൻഷനുകളുടേയും കുടിശ്ശിക ഈ സാമ്പത്തിക വർഷത്തിൽ തന്നെ തീർത്തു നൽകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അതിനുള്ള എല്ലാ സംവിധാനങ്ങളും ചെയ്തുവരികയാണ്. മാസംതോറും കർഷകതൊഴിലാളി പെൻഷൻ പോലെയുള്ള ഡെസ്റ്റിറ്റ്യൂട്ട് പെൻഷനുകൾ കൊടുക്കുന്ന കാര്യം ആലോചിക്കണം. അതു ചെയ്യണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. കുടിശ്ശിക മുഴുവനും കൊടുത്തുതീർക്കും. യാതൊരു സംശയവുമില്ല. 18 മാസത്തെ കുടിശ്ശികയോടുകൂടിയാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. കർഷകത്തൊഴിലാളി പെൻഷൻ 30.4.2000-ത്തിനു ശേഷമുള്ളത് കൊടുക്കാനുണ്ട്. അത് 70 രൂപയിൽ നിന്ന് 120 രൂപയാക്കിയിട്ടുണ്ട്. 31.3.-നു മുമ്പ് അതായത് നടപ്പ് സാമ്പത്തിക വർഷം കഴിയുന്നതിനു മുമ്പ് സോഷ്യൽ വെൽഫെയർ വകുപ്പിൽ നിന്ന് എല്ലാ പെൻഷനുകളും കൊടുത്തുതീർക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുമെന്ന് ഞാൻ ഉറപ്പിച്ചു പറയുന്നു.

(14) കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റുകളിലെ ടോയ്‌ലറ്റുകളുടെ ശോച്യാവസ്ഥ

<u>ശ്രീമതി. ആർ. ലതാദേവി</u> : നമ്മുടെ സംസ്ഥാനത്തെ സ്ത്രീകളടക്കമുള്ള ബസ് യാത്രക്കാർ, പ്രത്യേകിച്ച് ദീർഘദൂര ബസ് യാത്രക്കാർ, നേരിടുന്ന പ്രധാന പ്രതിസന്ധിയിലേക്ക് ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കുകയാണ്. സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റുകളിലെ ടോയിലറ്റുകളുടെ ഇന്നത്തെ അവസ്ഥ വളരെ ശോചനീയമാണ്. ദുർഗ്ഗന്ധം കാരണം അതിന്റെ അടുത്തോട്ട് പോകാൻ പോലും ആളുകൾക്ക് സാധിക്കുന്നില്ല. വിശേഷിച്ച് നമ്മുടെ തലസ്ഥാനത്തെ ബസ്സ്റ്റാന്റായ തിരുവനന്തപുരം സെൻട്രൽ ബസ്സ്റ്റാന്റിലെ റ്റോയിലറ്റിന് കതകില്ല. കൊല്ലം, ആലപ്പുഴ, തൃശ്ശൂർ തുടങ്ങിയ പ്രധാനപ്പെട്ട കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡുകളിലെ ടോയിലറ്റുകൾക്കും കതകില്ല. അകത്തു കയറിയാൽ ലൈറ്റില്ല. വെള്ളമില്ല. മാലിന്യം കൂമ്പാരമായിട്ട് കിടക്കുകയാണ്. ഒരു ബക്കറ്റില്ല. മഗ്ഗില്ല. ദീർഘദൂര യാത്രക്കാർക്ക് പ്രാഥമികമായ ആവശ്യം നിർവഹിക്കുന്നതിനുള്ള യാതൊരു സൗകര്യവുമില്ല. ചില സ്ഥലങ്ങളിൽ പൈസ വാങ്ങുന്നുണ്ട്. പൈസ വാങ്ങുകയല്ലാതെ ശുചീകരണ പ്രവർത്തനങ്ങൾ യാതൊന്നും നടത്തുന്നില്ല. സ്ത്രീകളുടെ കൈയിൽ നിന്ന് കൂടുതൽ പൈസ വാങ്ങിക്കുകയും, പുരുഷൻമാരുടെ കൈയിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly